Mr. C. Matthai.—Rs. 20 was incurred for the Ernakulam Lower Secondary School building opening ceremony.

Mr. T. A. Ramachandra Ayyar.—Was T. A. paid to the Member?

Mr. C. Matthai.—No T. A. was paid.

Mr. T. A. Ramachandra Ayyar.—Why were not ceremonies performed for the Pukunnam and other schools?

Mr. C. Matthai.—It was not thought necessary.

The condition of the Arappu Thodu.

393. മിസ്റ്റർ പി. കുഞ്ഞുമുഹമ്മദ്.—എടവിലങ്ങു്, എറിയാടു്, അഴിക്കോടു എന്നീ വില്ലേജുകളിലെ ഗതാഗതത്തിനും കൃഷിസംരക്ഷണത്തിനും അത്യന്താപേക്ഷിതമായ "അറപ്പുതോടു്" സമുദ്രാക്രമണം നിമിത്തം ഏതാണ്ടു ഉപയോഗശൂന്യമായിട്ടുണ്ടെന്നു് ഗവമ്മേണ്ടു് അറഞ്ഞിട്ടുണ്ടോ?

സമുദ്രാക്രമണം ഒന്നുകൂടിയുണ്ടായാൽ "അറപ്പുതോടു്" തീരെനിരുപയോഗമാകുമെന്നു് ഗവമ്മേണ്ടു് ധരിച്ചിട്ടുണ്ടോ?

"അറപ്പുതോടു്" തീരെനിരുപയോഗമായാൽ ടി വില്ലേജുകൾക്കുണ്ടാകുന്ന ഭയങ്കര നാശത്തെക്കുറിച്ചു് കാലേക്കൂട്ടി ഗവമ്മേണ്ടിന്റെ ദൃഷ്ടി പതിയുമോ?

മിസ്റ്റർ വി, കെ. അരവിന്ദാക്ഷ മേനോൻ.—ഉവ്വു്, ഈ സംഗതികളിൽ ഗവമ്മേണ്ടിന്റെ ദൃഷ്ടി പതിഞ്ഞിട്ടുണ്ടു്.

The Keli Thodu in the Amballur, Torava and other villages in the Mukundapuram Taluk.

394. മിസ്റ്റർ എ. കെ. തോമ—(1) മുകുന്ദപുരം താലൂക്കിൽപെട്ട അമ്പല്ലൂർ, തൊറവ, തുക്കുർ, കല്ലൂർ എന്നീ വില്ലേജുകളിൽകൂടി ഒഴുകുന്നതും ടി വില്ലേജുകളിലെ കൃഷിരക്ഷയ്ക്കു് എത്രയും അത്യാവശ്യമായിട്ടുള്ളതും പ്രാധാന്യമേറിയതുമായ കേലി എന്ന തോടിനെ ജീർണ്ണോദ്ധാരണംചെയ്തുകിട്ടുവാൻ വേണ്ടി ടി വില്ലേജുനിവാസികളുടെ ആവലാതികൾ ഗവമ്മേണ്ടിന്റെ ശ്രദ്ധക്കു് വിഷയീഭവിച്ചു തുടങ്ങിട്ടു് എത്രകാലത്തോളമായി എന്നും ഈ കാര്യത്തിനേസംബന്ധിച്ചു് ഗവമ്മേണ്ടിനാദ്യം കിട്ടിയതും ഒടുവിൽ കിട്ടിയതുമായ ഹർജികളുടെ തീയ്യതികൾ ഏതെല്ലാമാണെന്നു് ദയവായി പ്രസ്താവിക്കുമോ?

(2) ഈ തോടിനെസംബന്ധിച്ചു് ദിവാൻജിമുതൽ കിഴ്പോട്ടു് ഏതെല്ലാം ഉദ്യോഗസ്ഥന്മാർ സ്ഥലത്തുപോയി അന്വേഷിച്ചിട്ടുണ്ടെന്നും തൽഫലമായി 1079, 1080 ഈ കൊല്ലങ്ങളിൽ വല്ല ഗവമ്മേണ്ടുത്തരവുകളും പാസ്സാക്കീട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അവയുടെ ഓരോ കോപ്പി മേശപറത്തു വെക്കുമോ?

(3) ടി തോടു് നന്നാക്കുശരിപ്പെടുത്തേണ്ടതിനേപ്പറ്റി ചീഫ് എഞ്ചിനീയർ അവർകൾ ഒരുഎസ്റ്റിമേറു് ഗവമ്മേണ്ടിലേക്കുസമർപ്പിക്കുകയുണ്ടായോ എന്നും ടി തോടു് തീവണ്ടിപ്പാലത്തിനടിയിൽകൂടി പോകുന്നതുകൊണ്ടു് ആ പാലം പൊളിച്ചു വിസ്താരപ്പെടുത്തിയല്ലാതെ

LIBRARY ARCHIVES Kerala Legislative Assembly

ഈ തോടിനെ നന്നാക്കുവാൻ നിവൃത്തിയില്ലെന്ന് ചീഫ് എഞ്ചിനീയർ അവർകൾ റിപ്പോർട്ട് അയയ്ക്കുകയുണ്ടായൊ എന്നും ഭയവായി പ്രസ്താവിക്കുമൊ?

(4) 1099-ലെ വെള്ളപ്പൊക്കം നിമിത്തം തീവണ്ടിപ്പാലത്തിനു കേടുസംഭവിച്ചതിനാൽ ആയതു പൊളിച്ചു നല്ല വിസ്താരത്തിൽ പുതിയതായി കെട്ടിയ വിവരം ഗവർമ്മേണ്ടറിഞ്ഞിട്ടുണ്ടൊ?

(5) അനേക കാലമായി ടി വില്ലേജുകാർ ബോധിപ്പിച്ചുവന്നിട്ടുള്ളതായ ആവലാധികൾക്കും കൃഷിപ്പിഴ കാരണത്താൽ കൊല്ലംതോറും അനുഭവിച്ചുവരുന്നവരുടെ കഷ്ടനഷ്ടങ്ങൾക്കും ഒരു പരിഹാരമാർഗ്ഗമായി ടി തോടിനെ നന്നാക്കിക്കൊടുക്കേണ്ടകാര്യത്തിൽ ഇനിയെങ്കിലും ഗവർമ്മേണ്ടിനു ഭയവുണ്ടാകുമൊ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—(1) ആവശ്യപ്പെട്ട വിവരങ്ങൾ കാലപ്പഴക്കം നിമിത്തം കൃത്യമായി പറയുവാൻ സാധിക്കുന്നതല്ല.

(2) ഇതിനെപ്പറ്റിയുള്ള പ്രസ്തുത കാലങ്ങളിലെ റിക്കാർഡുകൾ നശിപ്പിച്ചുപോയിരിക്കുന്നതിനാൽ ഈ വിവരങ്ങൾ അറിവാൻ തരമില്ല.

(3) ടി തോട് താഴ്ത്തുന്നതിനു സുമാർ എന്തുചിലവു വരുമെന്നുകാണിച്ചു ചീഫ് എഞ്ചിനീയർ ഒരു റിപ്പോർട്ട് അയക്കുകയുണ്ടായി. തീവണ്ടിപ്പാലം പൊളിച്ചു വിസ്താരപ്പെടുത്തേണ്ട ആവശ്യകതയെക്കുറിച്ചു ചീഫ് എഞ്ചിനീയർ റിപ്പോർട്ടുചെയ്തിട്ടുള്ളതായി കാണുന്നില്ല.

(4) ഉവ്വ്.

(5) ടി കാര്യത്തിൽ ഗവർമ്മേണ്ടിന്റെ ശ്രദ്ധ പതിഞ്ഞിട്ടുണ്ടു.

The improvement of the Palanji-Akkikavu road.

395. Mr. K. T. Mathew.—In view of the heavy traffic along the road leading from Palanji to Akkikavu road and of the repeated requests made to the Government authorities, will the Government be pleased to take satisfactory steps for improving the condition of this road and making it fit for heavy cart traffic?

Mr. I. Raman Menon.—The matter will receive attention.

Mr. K. T. Mathew.—Has not the matter received the attention of the Government till now?

Mr. I. Raman Menon.—The matter is receiving the attention of the Government.

Mr. K. T. Mathew.—Whether it has already received the attention of the Government?

Mr. I. Raman Menon.—Yes.

Mr. K. T. Mathew.—If so, what steps are being taken by the Government?

Mr. I. Raman Menon.—Estimates have been prepared.

LIBRARY ARCHIVES Kerala Legislative Assembly